പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2357. 18.02.2016 - ൽ മറുപടിയ്ക്ക്

**മെഡിക്കൽ കോളേജുകളിലെ അടിസ്ഥാന സൗകര്യം**

| **ചോദ്യം**<br>**ശ്രീ.എളമരം കരീം :** | **ശ്രീ. വി. എസ് . ശിവകുമാർ**<br>**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)** |
|---|---|
| (എ) മെഡിക്കൽ കോളേജുകളിലെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കാൻ എന്തൊക്കെ പദ്ധതികളാണ് വിഭാവനം ചെയ്തിരുന്നത്; ഏതൊക്കെ പദ്ധതികളാണ് പൂർത്തീകരിക്കാനായത് വിശദാംശം ലഭ്യമാക്കുമോ ; | (എ) മെഡിക്കൽ കോളേജുകളിലെ മാതൃ ശിശു സംരക്ഷണ യൂണിറ്റുകൾ ശക്തിപ്പെടുത്തുന്നതിനായുള്ള പദ്ധതി, എമർജൻസി & ക്രിട്ടിക്കൽ കെയർ യൂണിറ്റുകൾ തുടങ്ങുക, എല്ലാ മെഡിക്കൽ കോളേജുകളിലും ബേൺസ് യൂണിറ്റുകൾ സ്ഥാപിക്കുക, അവയവദാന പദ്ധതി, ഓങ്കോളജി & ടേർഷ്യറി കെയർ സംവിധാനം സജ്ജീകരിക്കുക, നിയോനാറ്റോളജി യൂണിറ്റുകൾ സ്ഥാപിക്കുക എന്നീ പദ്ധതികളാണ് മെഡിക്കൽ കോളേജുകൾക്ക് വേണ്ടി നടപ്പിലാക്കിവരുന്നത് . |
| (ബി) മെഡിക്കൽ കോളേജുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെയും പരിശോധനാ സൗകര്യങ്ങളുടെയും അപര്യാപ്തത മൂലം പാവപ്പെട്ട രോഗികൾ സ്വകാര്യ ആശുപത്രികളെ ആശ്രയിക്കേണ്ടി വരുന്ന സാഹചര്യം മനസ്സിലാക്കിയിട്ടുണ്ടോ ; | (ബി) ഇത്തരം ഒരു സാഹചര്യം നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) എങ്കിൽ ഇത് പരിഹരിക്കാനായി ആവിഷ്കരിച്ച നടപടികൾ വിശദമാക്കുമോ? | (സി) ബാധകമല്ല |

സെക്ഷൻ ഓഫീസർ